# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

**എയ്ഡഡ് ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു .**

2024-2025 അധ്യായന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി അല്ലോട്മെന്റിനെ തുടർന്നുള്ള പ്രവേശനത്തിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി ഗവ./എയ്ഡഡ് കോളേജുകളിലെ എയ്ഡഡ് കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. രണ്ടാം സപ്ലിമെന്ററി അലോട്മെന്റിനെ തുടർന്ന് ഗവ/എയ്ഡഡ് കോളേജുകളിലെ എയ്ഡഡ് പ്രോഗ്രാമുകളിൽ ഓപ്ഷൻ നില നിൽക്കുന്ന വിദ്യാർത്ഥികളെയാണ് റാങ്ക് ലിസ്റ്റുകളിലേക്ക് പരിഗണിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് ലോഗിൻ വഴി റാങ്ക് നില പരിശോധിക്കാം. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ റാങ്ക്, കോളേജുകളിലെ സീറ്റ് വേക്കൻസി എന്നിവ പരിശോധിച്ച് 2024 ഓഗസ്റ്റ് 19 നുള്ളിൽ കോളേജുമായി ബന്ധപ്പെടേണ്ടതും പ്രവേശനത്തിനായി അവർ നിർദേശിക്കുന്ന സമയക്രമം പാലിക്കേണ്ടതുമാണ്. അഫിലിയേറ്റഡ് കോളേജുകളിലെ/സർവ്വകലാശാല സെന്ററുകളിലെ സ്വാശ്രയ കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന സീറ്റുകൾ നികത്തുന്നതിനായി അതത് കോഴ്സുകളിലേക്ക് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് 01.08.2024 തീയതിയിൽ ലഭ്യമാക്കിയിട്ടുണ്ട്.

**CU Campus**
**12.08.2024**

**(ഒപ്പ്)**
**ഡയറക്ടർ**